# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 2**

---

## പ്രഫ. സാബു തോമസ് 'വാസ്' ഫെലോ

*മഹാത്മാ ഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസലറും സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ഡയറക്ടറുമായ ഡോ. സാബു തോമസിനെ വേൾഡ് അക്കാദമി ഓഫ് ആർട്സ് ആന്റ് സയൻസിന്റെ(വാസ്) ഫെലോ ആയി തെരഞ്ഞെടുത്തു. ആഗോള തലത്തിൽ ശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാങ്കേതികവിദ്യ, കല തുടങ്ങിയ മേഖലകളുടെ വളർച്ചയ്ക്ക് ഉപകരിക്കുന്ന നിർണായക സംഭാവനകൾ നൽകിയവർക്കാണ് അക്കാദമി അംഗത്വം നൽകുന്നത്.*

*പോളിമെർസയൻസ്, നാനോ കോംപസിറ്റുകൾ എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണ മേഖലയിൽ രാജ്യാന്തരതലത്തിൽ അറിയപ്പെടുന്ന പ്രഫ. സാബു തോമസ് ട്രിവാൻഡ്രം എൻജിനിയറിംഗ് സയൻസ് ടെക്നോളജി റിസർച്ച് പാർക്കിന്റെ ചെയർമാനും സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടറുമാണ്. റിസർച്ച് ഡോട്കോമിന്റെ റാങ്കിംഗിൽ രാജ്യത്തെ രണ്ടാമത്തെ മികച്ച മെറ്റീരിയൽ സയന്റിസ്റ്റായി തിരഞ്ഞെടുത്തിരുന്നു.*

*(പി.ആർ.ഒ/39/1901/2025)*

## കോളജ് യൂണിയൻ തെരഞ്ഞെടുപ്പ് 21ന്

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ 2025-26 വർഷത്തെ വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പ് ഓഗസ്റ്റ് 21ന് നടക്കും. വി ജ്ഞാപനം ഓഗസ്റ്റ് നാലിന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.*

*(പി.ആർ.ഒ/39/1902/2025)*

## ഓണേഴ്സ് ബിരുദം; ഒഴിവുള്ള

## മെറിറ്റ് സീറ്റുകളിലേക്ക് അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുള്ള മെറിറ്റ് സീറ്റുകളിൽ പ്രവേശനത്തിന് ഓഗസ്റ്റ് നാല്, അഞ്ച് തീയതികളിൽ ഓൺലൈനിൽ* (cap.mgu.ac.in) *അപേക്ഷിക്കാം.*

*കോളജ് തലത്തിൽ റാങ്ക് ലിസ്റ്റ് ഓഗസ്റ്റ് ഏഴിന് പ്രസിദ്ധീകരിക്കും. ഇതനുസരിച്ചുള്ള പ്രവേശനം ഏഴ്, എട്ട് തീയതികളിൽ കോളജുകളിൽ നടക്കും. നിലവിൽ പ്രവേശനമെടുത്തവർക്ക് ഈ ഘട്ടത്തിൽ അപേക്ഷ നൽകാൻ കഴിയില്ല.*

*(പി.ആർ.ഒ/39/1903/2025)*

## വാക്-ഇൻ-ഇന്റർവ്യൂ

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ താത്കാലിക കരാർ നിയമനത്തിനുള്ള വാക് ഇൻ-ഇന്റർ വ്യൂ ഓഗസ്റ്റ് 11ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും. ഇ/ബി/ടി വിഭാഗത്തിലെ ഒരൊഴിവിലേക്ക് ഫിസിക്സ് അല്ലെങ്കിൽ കെമിസ്ട്രി ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. പ്രായം 2025 ജനുവരി ഒന്നിന് 36 കവിയരുത്.*

*സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജി എന്നീ പഠന വകുപ്പുകളിലും ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിലുമാണ് സേവനം.*

*താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സലും പകർപ്പുകളും സഹിതം ഉച്ചയ്ക്ക് 1.30ന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡിഎ 5 സെക്ഷനിൽ എത്തണം.*

..................

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഓപ്പൺ വിഭാഗത്തിലെ ഒരൊഴിവിൽ നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ഓഗസ്റ്റ് 14ന് നടക്കും. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം.*

*കുറഞ്ഞത് 60 ശതമാനം മാർക്കോടെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയിലോ തത്തുല്യ വിഷയങ്ങളിലോ എംഎസ്സി യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്ത് പരിചയം ഉണ്ടായിരിക്കണം. പ്രായപരിധി 2025 ജനുവരി ഒന്നിന് 45 കവിയരുത്.*

*താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സലും പകർപ്പുകളും സഹിതം*

*ഓഗസ്റ്റ് 14ന് ഉച്ചകഴിഞ്ഞ് 1.30ന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡിഎ 7 സെക്ഷനിൽ എത്തണം.*

*(പി.ആർ.ഒ/39/1904/2025)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംഎസ്സി ബോട്ടണി (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് അഞ്ചു മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

……….

*എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് ഡാറ്റാ സയൻസ് (പുതിയ സ്കീം-2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും ജൂൺ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ആറു മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

…..

*രണ്ടാം സെമസ്റ്റർ എംഎസ്സി ബയോടെക്നോളജി (സിഎസ്എസ്-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് അഞ്ചു മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

…….

*രണ്ടാം സെമസ്റ്റർ എംഎസ്സി മോളിക്യുലർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് (സിഎസ്എസ്-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് ആറു മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

……………………

*മൂന്ന്, നാല് സെമസ്റ്റർ എംഎഫ്എ(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ജൂലൈ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഏഴു മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1905/2025)*

## പരീക്ഷയക്ക് അപേക്ഷിക്കാം

*നാലും ആറും സെമസ്റ്റർ സിബിസിഎസ്എസ് (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്‌സി ചാൻസ്, 2013 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്‌സി ചാൻസ്) നാലും ആറും സെമസ്റ്റർ സിബിസിഎസ്എസ് ബിഎസ്സി സൈബർ ഫോറൻസിക്ക് (2018 അഡ്മിഷൻ റീഅപ്പിയറൻസ്, 2014 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്‌സി ചാൻസ്) പരീക്ഷകൾക്ക് ഓഗസ്റ്റ് 29 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി സെപ്തംബർ ഒന്നു വരെയും സൂപ്പർ ഫൈനോടുകൂടി സെപ്തംബർ മൂന്നു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1906/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ ഹിസ്റ്ററി, ഹിസ്റ്റോറിക്കൽ സ്റ്റഡീസ്, ഡെവലപ്മെന്റ് ഇക്കണോമിക്സ് (2023 അഡ്മിഷൻ സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 16 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

............

*അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ബേസിക് സയൻസസ് (സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി), എംഎസ്സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്), ഇന്റഗ്രേറ്റഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും, സപ്ലിമെന്ററിയും, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ജനുവരി 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 15 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

.........

*അഫിലിയേറ്റഡ് കോളേജുകളിലെ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ബേസിക് സയൻസസ് (സ്റ്റാറ്റിസ്റ്റിക്സ് ഫിസിക്സ്, കെമിസ്ട്രി), എംഎസ്സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്), ഇന്റഗ്രേറ്റഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും, സപ്ലിമെന്ററിയും ഫെബ്രുവരി 2025) പരീക്ഷയുടെ*

*ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 15 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1907/2025)*

## പരീക്ഷാ തീയതി

*മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് (2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഫെബ്രുവരി 2025) പരീക്ഷകൾ ഓഗസ്റ്റ് 13 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1908/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**